ഹരിതകേരളം മിഷൻ
കേരള സർക്കാർ

17.01.2020

# പത്രക്കുറിപ്പ്

## ശുചിത്വ സംഗമം പ്രദർശനത്തിൽ തിരക്കേറുന്നു

പ്ലാസ്റ്റിക്കിന് പകരമുള്ള ഉത്പന്നങ്ങളുടെ കാഴ്ചകളൊരുക്കി കനകക്കുന്ന് സൂര്യകാന്തിയിൽ ഹരിതകേരളം മിഷൻ സംഘടിപ്പിക്കുന്ന ബദൽ ഉത്പന്ന പ്രദർശന വിപണന മേളയിൽ തിരക്കേറുന്നു. പൊതുജനങ്ങളെ കൂടാതെ നഗരത്തിലെ വിവിധ സ്കൂളുകളിലെ കുട്ടികളും കുടുംബ ശ്രീ പ്രവർത്തകരും ഹരിതകർമ്മ സേനാംഗങ്ങളും കൂട്ടമായാണ് പ്രദർശനത്തിനെത്തുന്നത്.

**ചിരട്ടയിലെ കൗതുകങ്ങൾ**

ബാങ്കിലെ ജോലി ഉപേക്ഷിച്ച് ചിരട്ടയിൽ പരീക്ഷണങ്ങൾ നടത്താനിറങ്ങിയപ്പോൾ തിരുനെൽവേലി സ്വദേശിയായ ആനന്ദ പെരുമാൾ വീട്ടുകാരിൽ നിന്നും നേരിട്ടത് കടുത്ത എതിർപ്പ്. കോർപ്പറേറ്റ് ജോലിയിൽ മനം മടുത്ത ബി.ബി.എ ബിരുദധാരി. ഇന്ന് ചിരട്ടയിൽ തീർക്കുന്ന കരകൗശല വസ്തുക്കൾ വാങ്ങുന്നത് പ്രധാനമായും വിദേശികളും ഉത്തരേന്ത്യക്കാരും. ചിരട്ടിയിൽ തീർത്ത കൗതുക കാഴ്ചകളുമായി ഹരിതകേരളം മിഷൻ സംഘടിപ്പിച്ച ബദൽ ഉത്പന്ന പ്രദർശന വിപണനമേളയിൽ എത്തിയതാണ് ആനന്ദപെരുമാൾ. ഭൂമിക്ക് പുറത്ത് കാണുന്ന സ്വർണമാണ് ചിരട്ട എന്നാണ് ആനന്ദ പെരുമാളിന്റെ ഭാഷ്യം. ഒരു ശിൽപ്പം ചിരട്ടയിൽ തീർക്കാൻ ഒരാഴ്ചയിൽക്കൂടുതൽ സമയമെടുക്കും. ശില്പങ്ങളും കരകൗശല വസ്തുക്കളും മാത്രമല്ല ചിരട്ടത്തവി പോലെ സാധാരണ ഉത്പന്നങ്ങളും സ്റ്റാളിലുണ്ട്. ചിരട്ടത്തവിക്ക് 50 രൂപ വിലയോ എന്ന് അത്ഭുതപ്പെടുന്നവർ അതിന്റെ നിർമ്മാണ രീതി പഠിപ്പിച്ചു കൊടുക്കാറുണ്ട്. എന്തുകൊണ്ടാണ് ഇത്ര വില ഈടാക്കുന്നതെന്ന് അതോടെ അവർക്ക് മനസിലാവാറുണ്ടെന്ന് അനുഭവത്തിൽ നിന്ന് പെരുമാൾ പറഞ്ഞു. എപ്പോഴും നമ്മൾ ഉന്നം വയ്ക്കുന്നത് വിദേശ വിപണിയെയാണ്. എന്നാൽ നമ്മുടെ ശ്രദ്ധ പ്രാദേശിക തലത്തിലേയ്ക്കും തിരിയണമെന്നാണ് 'കവിനാട് ഗാലറി' യുടെ ഉടമ പറയുന്നത്. പ്ലാസ്റ്റിക്കിന്റെ ദൂഷ്യ വശങ്ങൾ മനസിലാക്കിതോടെ ജനങ്ങൾ ചിരട്ട പോലെയുള്ള പ്രകൃതിദത്ത ഉത്പന്നങ്ങളെ ശ്രദ്ധിക്കാൻ തുടങ്ങിയിട്ടുണ്ട്. വിൽപ്പന മാത്രമല്ല താത്പര്യമുള്ളവർക്ക് ഇതൊക്കെ പഠിപ്പിച്ചുകൊടുക്കാനും ആനന്ദപെരുമാൾ തയ്യാറാണ്. ഇതുവരെ 500 പേർക്ക് പരിശീലനം നൽകിക്കഴിഞ്ഞു. ഇതിൽ കുറച്ചുപേർ ഇപ്പോൾ ഈ മേഖലയിൽ തങ്ങളുടെ ചുവടുറപ്പിച്ചു കഴിഞ്ഞു. പ്രകൃതി ദത്ത ഉത്പന്നങ്ങൾ കൊണ്ടുള്ള ഇത്തരം പ്രദർശന മേളകൾ നടത്തുന്നത് പുതിയ ആശയങ്ങൾ ലഭിക്കാൻ ഉപകാരപ്രദമാണ്. മേളകൾ മാത്രമല്ല, തുടർ പരിചയ ക്ലാസ്സുകളും പരിശീലനങ്ങളും നൽകിയാൽ മാത്രമേ ഈ മേഖല കൂടുതൽ വിപുലമാകൂ എന്നാണ് ഈ യുവാവ് അഭിപ്രായപ്പെടുന്നത്.

**മേള കാണാൻ സ്പെഷ്യൽ സ്കൂൾ കുട്ടികളും**

പ്ലാസ്റ്റിക് പേനകൾക്ക് പകരം മഷിപ്പേനയും മഷിക്കുപ്പിയും കൈയിൽ കിട്ടിയ പേപ്പർ ബാല്യത്തിന്റെ കണ്ണുകളിൽ അത്ഭുതം. അത് വഴിമാറിയത് പ്രകൃതി സൗഹൃദ ഉത്പന്നങ്ങളുടേയും പുത്തനറിവുകളുടേയും കാഴ്ചകളിലേയ്ക്ക്.

റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം-695 004
ഫോൺ : 0471 2449939, ഇ-മെയിൽ : haritham@kerala.gov.in M1018

ഹരിതകേരളം മിഷൻ കനകക്കുന്നിൽ സംഘടിപ്പിക്കുന്ന ബദൽ ഉത്പന്ന വിപണന മേളയിൽ ഇന്നലെ എത്തിയത് ശാസ്താംകോട്ട മനോവികാസ് സ്പെഷ്യൽ സ്കൂളിലെ കുട്ടികളും അധ്യാപകരും. ലോക സ്പെഷ്യൽ ഒളിമ്പിക്സിൽ വരെ വിജയക്കൊടി പാറിച്ച സ്കൂളിന് മേളയിലെ സ്റ്റാളുകളും ഉത്പന്നങ്ങളും നവ്യാനുഭവമായി മാറി. പ്രകൃതിയെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം കുട്ടികൾക്ക് പകർന്നു കൊടുക്കാൻ ഇവിടെ സജ്ജമാക്കിയ സ്റ്റാളുകൾക്ക് കഴിഞ്ഞു. ഓലയിൽ നിന്നും തത്തയും തൊപ്പിയും പീപ്പിയും നിർമ്മിച്ചപ്പോൾ കുട്ടികൾക്ക് അതിശയം. ഇതൊക്കെ എങ്ങനെ നിർമ്മിക്കണം എന്നും കൂടി പഠിച്ചാണ് കുട്ടികൾ മടങ്ങിയത്. നാഷണൽ ട്രസ്റ്റ് സംസ്ഥാന നോഡൽ ഏജൻസി ചെയർമാൻ ഡി.ജേക്കബ്ബ്, കുട്ടികളുമായി സംബന്ധിച്ചു.

അവധിദിനമായ ഇന്ന് (19.01.2020) വൈകുന്നേരം മേള ഗ്രൗണ്ടിൽ പഴയ സിനിമാ ഗാനങ്ങളും നാടക ഗാനങ്ങളും കോർത്തിണക്കിയ ഗാനമേള ഉണ്ടായിരിക്കും. മേള 22 ന് അവസാനിക്കും.